"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- 1948-ലെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷാമബത്ത പുതുക്കി നിശ്ചയിക്കുന്നതിന് 2023-24 അടിസ്ഥാന വർഷം കണക്കാക്കി ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.34/2024/LBR — തീയതി,തിരുവനന്തപുരം, 23-09-2024

---

പരാമർശം:-

1. 27.08.2010-ലെ സ.ഉ.(എം.എസ്.)നം.104/2010/തൊഴിൽ.
2. 31.08.2013-ലെ സ.ഉ.(എം.എസ്.)നം.103/2013/തൊഴിൽ.
3. സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടറുടെ 19.09.2022-ലെ DES/3016/2021-P(1) നമ്പർ കത്ത്.
4. ലേബർ കമ്മീഷണറുടെ 01.08.2023-ലെ LCO/3311/2023/F(3) നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ വ്യാവസായിക കാർഷിക മേഖലകളിലെ തൊഴിലാളികളുടെ ക്ഷാമബത്ത നിർണ്ണയിക്കുന്നതിന് ഏറ്റവും അവസാനമായി ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിന് 2009-10 അടിസ്ഥാന വർഷമായി കണക്കാക്കി ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനാണ് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, 2011-12 അടിസ്ഥാന വർഷമായി തയ്യാറാക്കിയ കുടുംബ ബഡ്ജറ്റ് സർവ്വേയുടെ റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. നിലവിൽ, 2011-12 വർഷത്തിൽ നടത്തിയ കടുംബ ബഡ്ജറ്റ് സർവ്വെ അടിസ്ഥാനമാക്കിയുള്ള ഉപഭോക്തൃ വില സൂചികയാണ് കാർഷിക-വ്യാവസായിക മേഖലയിലെ വേതനം നിശ്ചയിക്കുന്നതിനായി സംസ്ഥാനത്ത് ഉപയോഗിക്കുന്നത്. ഓരോ പത്ത് വർഷം കൂടുമ്പോഴും കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി ഉപഭോക്തൃ വില സൂചിക പരിഷ്കരിക്കേണ്ടതുണ്ട്. എന്നാൽ, കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ 2021-22 കാലയളവിൽ സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്ന് സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പ്രസ്തുത സാഹചര്യത്തിൽ, 1948-ലെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ വേതനം പുതുക്കുന്നതുമായി ബന്ധപ്പെട്ട്, പുതിയ ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനായി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് ചുവടെ പറയുന്ന പ്രകാരം

ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പുതിയ ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനായി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ അംഗീകരിച്ച്, പതിനെട്ട് മാസം എന്ന കാലയളവിലേയ്ക്ക് 2023-24 അടിസ്ഥാന വർഷം കണക്കാക്കി ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനുള്ള അനുമതി നൽകുന്നു.

4) ഫാമിലി ബഡ്ജറ്റ് സർവ്വേ സംബന്ധിച്ച കാര്യങ്ങളുടെ നിയന്ത്രണത്തിനായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതല കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, 2024 രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>(എ) ഔദ്യോഗിക അംഗങ്ങൾ/വിഷയ വിദഗ്ധർ</u>

| | | |
|---|---|---|
| 1. | ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് | ചെയർമാൻ |
| 2. | അഡീഷണൽ ഡയറക്ടർ (പ്രൈസസ്), എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് | മെമ്പർ സെക്രട്ടറി |
| 3. | ലേബർ കമ്മീഷണർ/പ്രതിനിധി | മെമ്പർ |
| 4. | ഡയറക്ടർ, ഇൻഡസ്ട്രീസ് & കൊമേഴ്സ്/പ്രതിനിധി | മെമ്പർ |
| 5. | ഡയറക്ടർ, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ്/പ്രതിനിധി | മെമ്പർ |
| 6. | ചെയർമാൻ, മിനിമം വേജസ് അഡ്വൈസറി ബോർഡ് | മെമ്പർ |
| 7. | അഡീഷണൽ ലേബർ കമ്മീഷണർ (IR) | മെമ്പർ |

<u>(ബി) തൊഴിലുടമ പ്രതിനിധികൾ</u>

| | | |
|---|---|---|
| 1. | ശ്രീ. രാധാകൃഷ്ണ പിള്ള (കേരള വ്യാപാരി വ്യവസായി സമിതി), എടക്കല്ലൂർ മേലതിൽ, എടക്കിടം പി.ഒ., കൊല്ലം. ഫോൺ നം.9447497168 | മെമ്പർ |
| 2. | ശ്രീ. എ.ജെ. ഷാജഹാൻ (കേരള വ്യാപാരി വ്യവസായി ഏകോപന സമിതി), അഷ്ടമന, കായംകുളം പി.ഒ., ആലപ്പുഴ. ഫോൺ നം.9895045005 | മെമ്പർ |
| 3. | ശ്രീ.നവാസ് റഷീദ് (ഫെഡറേഷൻ ഓഫ് കാഷ്യു പ്രോസസേഴ്സ് & | |

| | |
|---|---|
| എക്സ്പോർട്ടേഴ്സ്), എൻ.എസ്. വില്ല, പേരൂർ, ടി.കെ.എം.സി. പി.ഒ., കൊല്ലം. ഫോൺ നം.9946792004 | മെമ്പർ |
| 4. ശ്രീ. കെ.ആർ. ഭഗീരഥൻ (ചെറുകിട കയർ ഫാക്ടറി അസോസിയേഷൻ), കുന്നത്ത് സൂര്യകിരൺ, കലവൂർ പി.ഒ. ഫോൺ നം.9495440544 | മെമ്പർ |
| 5. ശ്രീ. സുനിൽ നാഥ് എ.വി. (കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫുട് വെയർ ഇൻഡസ്ട്രീസ് കേരളാ ചാപ്പ്റ്റർ), ശാരദ മന്ദിരം, കൊളത്തറ പി.ഒ, കോഴിക്കോട്. ഫോൺ നം.9349744145 | മെമ്പർ |
| 6. ശ്രീ. ഷക്കീർ എ. (കേരളാ ടെക്സ്റ്റയിൽസ് ആന്റ് ഗാർമെന്റ്സ് അസോസിയേഷൻ), ഫിസാമഹൽ, ആലംകോട് (പി.ഒ.), ആറ്റിങ്ങൽ - 695102. ഫോൺ നം.9497111177 | മെമ്പർ |
| 7. ശ്രീ. പ്രിൻസ് തോമസ് ജോർജ്ജ് (അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ്), ഡെപ്യൂട്ടി ജനറൽ മാനേജർ, റ്റാറ്റാ കൺസ്യൂമർ പ്രോഡക്ട് ലിമിറ്റഡ്, 11 A, കോർഡിയൽ പ്രഭ അപാർട്മെന്റ്, മരപ്പാലം, പട്ടം പി.ഒ., തിരുവനന്തപുരം - 695004. ഫോൺ നം.9447783217. | മെമ്പർ |
| 8. ചെയർമാൻ, കാപ്പക്സ്, കൊല്ലം. | മെമ്പർ |

**(സി) തൊഴിലാളി പ്രതിനിധികൾ**

| | |
|---|---|
| 1. ശ്രീ. കെ.എൻ. ഗോപിനാഥ്, സി.ഐ.ടി.യു., കോട്ടക്കൽ ഹൗസ്, കുറ്റിക്കാട്ടുകര പി.ഒ., ഏലൂർ, എറണാകുളം. ഫോൺ നം.9447085661. | മെമ്പർ |
| 2. ശ്രീ. ആർ. പ്രസാദ്, എ.ഐ.ടി.യു.സി., നൊച്ചിക്കാട്ടിൽ, പെരുമ്പള്ളി, വലിയഴിക്കൽ പി.ഒ., കായംകുളം. | മെമ്പർ |
| 3. ശ്രീ. കെ.എസ്. സനൽകുമാർ, യു.ടി.യു.സി., സംസ്ഥാന കമ്മിറ്റി, അമ്മവീട്, ഇലവിൻമുട്ട്കോണം, കുറ്റിച്ചൽ പി.ഒ, വിഴിഞ്ഞം, തിരുവനന്തപുരം. ഫോൺ നം.9497665500 | മെമ്പർ |
| 4. ശ്രീ. യു. പോക്കർ, എസ്.ടി.യു. സംസ്ഥാന കമ്മിറ്റി, എസ്.ടി.യു. സെന്റർ, കൂരിയാൽ ലെയിൻ, കോഴിക്കോട്. ഫോൺ നം.9447112215 | മെമ്പർ |

| | | |
|---|---|---|
| 5. | ശ്രീ. വി.ജെ. ജോസഫ്, ജനറൽ സെക്രട്ടറി, ഐ.എൻ.ടി.യു.സി., പരുത്തിക്കുഴി, മണക്കാട് പി.ഒ, തിരുവനന്തപുരം. ഫോൺ നം.**9447413374** | മെമ്പർ |
| 6. | ശ്രീ. സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, സംസ്ഥാന പ്രസിഡന്റ്, ബി.എം.എസ്. സംസ്ഥാന കമ്മിറ്റി ഓഫീസ്, ബി.എം.എസ്. ലെയിൻ, ചിറ്റൂർ റോഡ്, കൊച്ചി, എറണാകുളം. ഫോൺ നം.**9496159768** | മെമ്പർ |

**5)** സംസ്ഥാനതല കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, **2024**-ലെ അനൗദ്യോഗിക അംഗങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് **I** ഓഫീസർമാർക്ക് അനുവദിക്കുന്ന യാത്രാപ്പടിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റി തെളിവെടുപ്പ് നടത്തി ആറ് മാസത്തിനകം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

**6)** കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തിപ്പിനായി താഴെ പറയുന്ന തസ്തികകൾ പതിനെട്ട് മാസക്കാലയളവിലേക്ക് സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു. **Redeployment** വഴി ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തേണ്ടതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുന്നു.

**Deputy Director - 1**

**Research Assistant - 1**

**LD Compiler/ LD Typist - 2**

റഗുലർ ജീവനക്കാർക്കോ ഫീൽഡ് വർക്കർമാർക്കോ ശമ്പളം കൂടാതെ ഹോണറേറിയം നൽകാൻ പാടില്ലായെന്ന വ്യവസ്ഥയിൽ കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തിപ്പിനായി പ്രതിദിനം **600/-**(അറുന്നൂറ്) രൂപ വേതനത്തിൽ **22** (അഞ്ച് മേജർ/ സിറ്റി സെന്ററുകളിൽ രണ്ട് വീതവും **12** മൈനർ സെന്ററുകളിൽ ഒന്ന് വീതവും) ഫീൽഡ് വർക്കർമാരെ (എക്കണോമിക്സ്/ കോമേഴ്സ്/ മാത്സ്/ സ്റ്റാറ്റിസ്റ്റിക്സ് ബിരുദ യോഗ്യതയുള്ളവർ - ബിരുദത്തിന് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി നിർബന്ധമായും പഠിച്ചിരിക്കണം) പതിനെട്ട് മാസ കാലയളവിലേക്ക് നിയമിക്കുന്നതിനുള്ള അനുമതി നല്കുന്നു.

**7)** കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തിപ്പിനായുള്ള ചെലവ് നേരിടുന്നതിനായി '**2230-01-103-32-00-34-fixation of consumer price index in Kerala**' എന്ന ശീർഷകം ഉൾപ്പെടുത്തി അതിന്റെ ചെലവിലേക്കായി **1,83,90,000/-** (ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം ) രൂപ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ലേബർ കമ്മീഷണർ പരാമർശം **(4)** പ്രകാരം **SDG** പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം തൊഴിൽ വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തുന്ന തുക ചെലവഴിക്കുന്നതിന് **Controlling Officer**

(CCO) ആയി ലേബർ കമ്മീഷണറെയും, Sub Controlling Officer (SCO) ആയി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറെയും ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, മിനിമം വേതന ഉപദേശക സമിതി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് *(ഇനം നമ്പർ 2409 തീയതി 18.09.2024)*
ധനകാര്യ വകുപ്പ് *(20.07.2023-ലെ No.2456083/LBR-2/172/2023-FIN പ്രകാരവും, 27.03.2024-ലെ UO(R)No.EXP-B3/443/23-FIN(EXP-B) പ്രകാരവും).*
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് *(B3/141/2023/PLGEA പ്രകാരം)*
എല്ലാ അംഗങ്ങൾക്കും *(ആമുഖ കത്ത് സഹിതം)*
വെബ് ആന്റ് ന്യൂ മീഡിയ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Jasmin H
Date: 23-09-2024 15:20:34
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 18-09-2024**

ഫയൽ നം. LBRD-E1/96/2022/LBRD. ഇനം നം: 2409

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കുടുംബ ബഡ്ജറ്റ് സർവ്വേ 2023-24 കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയ്യാറാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

Am
18/9/24

2409

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | LBRD-E1/96/2022-LBRD |
| 2. വകുപ്പ് | : | തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് |
| 3. വിഷയം | : | കുടുംബ ബഡ്ജറ്റ് സർവ്വേ 2023-24 കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയ്യാറാക്കുന്നത്-സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിച്ച തീയതി | : | 14.08.2024 |
| 5.ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. (ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്) |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി എൻ.കെ.ചന്ദ്ര. |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വാസുകി കെ. |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 31.08.2024 |
| 10.കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.09.2024 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09.09.2024 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.09.2024 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പരും തീയതിയും | : | |

## <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1948-ലെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ കുറഞ്ഞ വേതനം പുതുക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനായി 2023-24 അടിസ്ഥാന വർഷം കണക്കാക്കി ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനായി സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടർ സമർപ്പിച്ച ശിപാർശ അംഗീകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) നിലവിൽ 2011-12 വർഷത്തിൽ നടത്തിയ കുടുംബ ബഡ്ജറ്റ് സർവ്വെ അടിസ്ഥാനമാക്കിയുള്ള ഉപഭോക്തൃ വില സൂചികയാണ് കാർഷിക-വ്യാവസായിക മേഖലയിലെ വേതനം നിശ്ചയിക്കുന്നതിനായി സംസ്ഥാനത്ത് ഉപയോഗിക്കുന്നത്. ഓരോ പത്ത് വർഷം കൂടുമ്പോഴും കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി ഉപഭോക്തൃ വില സൂചിക പരിഷ്കരിക്കേണ്ടതുണ്ട്. കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ 2021-22 കാലയളവിൽ സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഉപഭോക്തൃ വില സൂചിക അടിയന്തരമായി തയ്യാറാക്കേണ്ടതുള്ളതിനാൽ ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നത് സംബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3) സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടർ സമർപ്പിച്ച ശിപാർശയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

(i) ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനായി 30 മാസ കാലയളവിൽ ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിന് അനുമതി നൽകുക

(ii) ഫാമിലി ബഡ്ജറ്റ് സർവ്വേ സംബന്ധിച്ച കാര്യങ്ങളുടെ നിയന്ത്രണത്തിനായി ചുവടെ പറയുംവിധം നിർദ്ദേശിച്ചിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതല കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, രൂപീകരിക്കുക.

**<u>(എ) ഔദ്യോഗിക അംഗങ്ങൾ/വിഷയ വിദഗ്ധർ</u>**

| | | |
|---|---|---|
| 1. | ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് | ചെയർമാൻ |
| 2. | അഡീഷണൽ ഡയറക്ടർ (പ്രൈസസ്), എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് | മെമ്പർ സെക്രട്ടറി |

3. ലേബർ കമ്മീഷണർ/പ്രതിനിധി — മെമ്പർ
4. ഡയറക്ടർ, ഇൻഡസ്ട്രീസ് & കൊമേഴ്സ്/പ്രതിനിധി — മെമ്പർ
5. ഡയറക്ടർ, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ്/പ്രതിനിധി — മെമ്പർ
6. ചെയർമാൻ, മിനിമം വേജസ് അഡ്വൈസറി ബോർഡ് — മെമ്പർ
7. അഡീഷണൽ ലേബർ കമ്മീഷണർ (IR) — മെമ്പർ

**(ബി) തൊഴിലുടമ പ്രതിനിധികൾ**

1. ശ്രീ. രാധാകൃഷ്ണ പിള്ള (കേരള വ്യാപാരി വ്യവസായി സമിതി), എടക്കല്ലൂർ മേലതിൽ, എടക്കിടം പി.ഒ., കൊല്ലം. ഫോൺ നം.9447497168 — മെമ്പർ
2. ശ്രീ. എ.ജെ. ഷാജഹാൻ (കേരള വ്യാപാരി വ്യവസായി ഏകോപന സമിതി), അഷ്ടമന, കായംകുളം പി.ഒ., ആലപ്പുഴ. ഫോൺ നം.9895045005 — മെമ്പർ
3. ശ്രീ. നവാസ് റഷീദ് (ഫെഡറേഷൻ ഓഫ് കാഷ്യൂ പ്രോസസേഴ്സ് & എക്സ്പോർട്ടേഴ്സ്), എൻ.എസ്. വില്ല, പേരൂർ, ടി.കെ.എം.സി. പി.ഒ., കൊല്ലം. ഫോൺ നം.9946792004 — മെമ്പർ
4. ശ്രീ. കെ.ആർ. ഭഗീരഥൻ (ചെറുകിട കയർ ഫാക്ടറി അസോസിയേഷൻ), കുന്നത്ത് സൂര്യകിരൺ, കലവൂർ പി.ഒ. ഫോൺ നം.9495440544 — മെമ്പർ
5. ശ്രീ. സുനിൽ നാഥ് എ.വി. (കോൺഫഡറേഷൻ ഓഫ് ഇൻഡ്യൻ ഫുട് വെയർ ഇൻഡസ്ട്രീസ് കേരളാ ചാപ്പറ്റർ), ശാരദ മന്ദിരം, കൊളത്തറ പി.ഒ, കോഴിക്കോട്. ഫോൺ നം.9349744145 — മെമ്പർ
6. ശ്രീ. ഷക്കീർ. എ (കേരളാ ടെക്സ്റ്റയിൽസ് ആന്റ് ഗാർമെന്റ്സ് അസോസിയേഷൻ), ഫിസാമഹൽ, ആലംകോട് (പി.ഒ.), ആറ്റിങ്ങൽ – 695102. ഫോൺ നം.9497111177 — മെമ്പർ
7. ശ്രീ. പ്രിൻസ് തോമസ് ജോർജ്ജ് (അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ്), ഡെപ്യൂട്ടി ജനറൽ മാനേജർ, റ്റാറ്റാ കൺസ്യൂമർ പ്രോഡക്ട് ലിമിറ്റഡ്, 11 A കോർഡിയൽ പ്രഭ അപാർട്മെന്റ്, മരപ്പാലം, പട്ടം പി.ഒ., തിരുവനന്തപുരം – 695004. ഫോൺ നം.9447783217. — മെമ്പർ
8. ചെയർമാൻ, കാപ്പക്സ്, കൊല്ലം. — മെമ്പർ

**(സി) തൊഴിലാളി പ്രതിനിധികൾ**

1. ശ്രീ. കെ.എൻ. ഗോപിനാഥ്, സി.ഐ.ടി.യു., കോട്ടക്കൽ ഹൗസ്, കുറ്റിക്കാട്ടുകര പി.ഒ., ഏലൂർ, എറണാകുളം. ഫോൺ നം.9447085661. — മെമ്പർ
2. ശ്രീ. ആർ. പ്രസാദ്, എ.ഐ.ടി.യു.സി., നൊച്ചിക്കാട്ടിൽ, പെരുമ്പള്ളി, വലിയഴിക്കൽ പി.ഒ., കായംകുളം. — മെമ്പർ
3. ശ്രീ. കെ.എസ്. സനൽകുമാർ, യു.ടി.യു.സി., സംസ്ഥാന കമ്മറ്റി, അമ്മവീട്, ഇലവിൻമൂട്ട്കോണം, കുറ്റിച്ചൽ പി.ഒ, വിഴിഞ്ഞം, തിരുവനന്തപുരം. ഫോൺ നം.9497665500 — മെമ്പർ
4. ശ്രീ. യു. പോക്കർ, എസ്.ടി.യു. സംസ്ഥാന കമ്മറ്റി, എസ്.ടി.യു. സെന്റർ, കുരിയാൽ ലെയിൻ, കോഴിക്കോട്. ഫോൺ നം.9447112215 — മെമ്പർ
5. ശ്രീ. വി.ജെ. ജോസഫ്, ജനറൽ സെക്രട്ടറി, ഐ.എൻ.ടി.യു.സി., പരുത്തിക്കുഴി, മണക്കാട് പി.ഒ, തിരുവനന്തപുരം. ഫോൺ നം.9447413374 — മെമ്പർ
6. ശ്രീ. സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, സംസ്ഥാന പ്രസിഡന്റ്, ബി.എം.എസ്. സംസ്ഥാന കമ്മറ്റി ഓഫീസ്, ബി.എം.എസ് ലെയിൻ, ചിറ്റൂർ റോഡ്, കൊച്ചി, എറണാകുളം. ഫോൺ നം.9496159768 — മെമ്പർ

(iii) സർവ്വേയുടെ നടത്തിപ്പിനായി സാമ്പത്തികകാര്യ സ്ഥിതിവിവരകണക്ക് ഡയറക്ടറേറ്റിൽ FBS സെൽ രൂപീകരിക്കുന്നതിനായി താഴെപ്പറയുന്ന തസ്തികകൾ 30 മാസത്തേയ്ക്ക് സൃഷ്ടിക്കുക.

(എ) ജോയിന്റ് ഡയറക്ടർ – 1

(ബി) റിസർച്ച് ഓഫീസർ – 1

(സി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്– I – 2

സർവ്വേ നടത്തിപ്പിന് ജില്ലാതല/ താലൂക്ക്തല ഉദ്യോഗസ്ഥരുടെ സപ്പോർട്ടും ആവശ്യമായി വരുമെന്നും ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർമാരേയും ജോയിന്റ് ഡയറക്ടർമാരേയും എല്ലാ ജില്ലകളിലേയും സർവ്വേ നടത്തിപ്പിന്റെ മേൽനോട്ടത്തിനും സർവ്വേയുടെ പുരോഗതി വിലയിരുത്തുന്നതിനുമായി നിയോഗിക്കേണ്ടി

വരുമെന്നും ഇവർക്ക് ടി.എ/ഡി.എ അനുവദിക്കേണ്ടി വരുമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. വകുപ്പിലെ ഒരു സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർക്ക് ഓരോ സെന്ററിലേയും പ്രാഥമിക സർവ്വേ നടത്തിപ്പിനുള്ള ചുമതല നൽകാവുന്നതാണെന്നും ഇവർക്ക് 2,000 രൂപ ഓണറേറിയം നൽകേണ്ടതാണെന്നും ശിപാർശ ചെയ്തിട്ടുണ്ട്. അതാത് താലൂക്കിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറെ ഫീൽഡ് വർക്ക് പരിശോധിക്കുന്നതിനും സർവ്വേ കാലഘട്ടത്തിൽ വസ്തുക്കളുടെ വിലവിവരം ശേഖരിക്കുന്നതിനും ചുമതലപ്പെടുത്താമെന്നും ഇവർക്ക് പ്രതിമാസം 1,000 രൂപ വീതം ഓണറേറിയം നൽകേണ്ടതാണെന്നും ശിപാർശ ചെയ്തിട്ടുണ്ട്. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ സർവ്വേയുടെ പ്രാഥമിക മേൽനോട്ടം വഹിക്കുമെന്നും ഇവർക്ക് കൺസോളിഡേറ്റഡ് ഓണറേറിയമായി 2,500 രൂപ നൽകണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, സർവ്വേയുടെ ജില്ലാതല ഏകോപനത്തിനായി റിസർച്ച് ഓഫീസർ/ എ.ഡി.ഒ-യെ ചുമതലപ്പെടുത്താമെന്നും ഇവർക്ക് മൊത്തം 3,000 രൂപ സർവ്വേ കാലയളവിലേയ്ക്ക് ഓണറേറിയം നൽകാമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. ഓരോ പാദത്തിലും ശേഖരിക്കുന്ന ഡാറ്റയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനായി 25% വീടുകളിൽ പരിശോധന നടത്തുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും ഇതിനായി 5,000/- രൂപ വീതം ഓരോ സെന്ററിനും വകയിരുത്തുവാനും ശിപാർശ ചെയ്തിട്ടുണ്ട്. സർവ്വേയുടെ എല്ലാവിധ പ്രവർത്തനങ്ങളും കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും നടക്കുന്നത്.

ഇത് കൂടാതെ അഞ്ച് മേജർ/ സിറ്റി സെന്ററുകളിൽ രണ്ട് വീതവും 12 മൈനർ സെന്ററുകളിൽ ഒന്ന് വീതവും ആകെ 22 ഫീൽഡ് വർക്കർമാരെ (എക്കണോമിക്സ്/ കോമേഴ്സ്/ മാത്സ്/ സ്റ്റാറ്റിസ്റ്റിക്സ് ബിരുദ യോഗ്യതയുള്ളവർ - ബിരുദത്തിന് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി നിർബന്ധമായും പഠിച്ചിരിക്കണം) സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി open market-ൽ നിന്നും മീഡിയ വഴി പരസ്യം നൽകി ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

(iv) കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനായി ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപയാണ് ചെലവ് വരുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) 2011-12 സാമ്പത്തിക വർഷത്തിൽ നടന്ന കടുംബ ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനു വേണ്ടിവന്ന ചെലവ് G.O.(Rt) No.1921/2010/LBR dated 22.11.2010 ഉത്തരവ് പ്രകാരം 2230-01-103-32-Fixation of Consumer Price Index in Kerala - 34 other charges എന്ന ശീർഷകം പുതുതായി അനുവദിച്ച് ആ ശീർഷകം വഴിയാണ് തുക അനുവദിച്ചിരുന്നതെന്നും, എന്നാൽ, നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ടി ബഡ്ജറ്റ് ശീർഷകം നിലവിൽ ഇല്ലാത്തതിനാൽ, ബഡ്ജറ്റ് ശീർഷകം പുതുതായി അനുവദിച്ച് ടി ശീർഷകത്തിന്റെ Controlling Officer (CCO) ആയി ലേബർ കമ്മീഷണറെയും, Sub Controlling Officer (SCO) ആയി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറെയും നിശ്ചയിച്ചുകൊണ്ട് Additional authorization മുഖേനയോ reappropriation മുഖേനെയോ ഈ വർഷത്തേക്ക് ആവശ്യമായ തുക അനുവദിക്കണമെന്ന് ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5) മേൽ വിഷയത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ആസൂത്രണവും സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെ പറയുംവിധം അഭിപ്രായം രേഖപ്പെടുത്തി.

*"നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2230-01-103-32-Fixation of Consumer Price Index in Kerala - 34 other charges എന്ന ബഡ്ജറ്റ് ശീർഷകം നിലവിൽ ഇല്ലാത്തതിനാൽ, ബഡ്ജറ്റ് ശീർഷകം പുതുതായി അനുവദിച്ച് ടി ശീർഷകത്തിന്റെ Controlling Officer (CCO) ആയി ലേബർ കമ്മീഷണറെയും, Sub Controlling Officer (SCO) ആയി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറെയും നിശ്ചയിച്ചുകൊണ്ട് Additional authorization മുഖേനയോ re-appropriation മുഖേനെയോ ഈ വർഷത്തേക്ക് ആവശ്യമായ തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിലും, സംസ്ഥാനതല*

*കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി രൂപീകരിക്കുമ്പോൾ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ-നെ ചെയർമാനായും, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് അഡീഷനൽ ഡയറക്ടർ (പ്രൈസ്)-നെ സെക്രട്ടറിയായും, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയിൽ പരാമർശിച്ചിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിലും ഈ വകുപ്പിന് എതിർപ്പില്ലെന്ന വിവരം അറിയിക്കുന്നു."*

6) തുടർന്ന്, ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെ പറയുംവിധം അഭിപ്രായം രേഖപ്പെടുത്തി.

*“2023-24 വർഷം കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തുന്നതിന് ഭരണാനുമതി നൽകാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നതോടൊപ്പം ചെലവ് നേരിടുന്നതിനായി 'New Service' നടപടിക്രമം പാലിക്കേണ്ടതുള്ളതിനാൽ, ഒരു പുതിയ ശീർഷകം തുറന്ന് ആവശ്യമായ തുക വകയിരുത്തുന്നതിലേയ്ക്ക് SDG പ്രൊപ്പോസൽ സമർപ്പിക്കുവാനും ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു. കൂടാതെ, സർവ്വേ നടത്തിപ്പിനായി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ 4 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ധനവകുപ്പിലെ ബന്ധപ്പെട്ട വിംഗിന്റെ അഭിപ്രായം തേടേണ്ടതാണെന്നും അറിയിക്കുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

7) മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സർവ്വേ നടത്തിപ്പിനായി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ 4 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയതിൽ ആ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

*"കുടുംബ ബഡ്ജറ്റ് സർവ്വേ 2023-ന്റെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷത്തിൽ ലേബർ കമ്മീഷണറേറ്റിന് തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. ഇതിനായി 1,83,90,000/- (ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരം) രൂപ വകയിരുത്തേണ്ടതുണ്ടെന്ന് ലേബർ കമ്മീഷണർ അറിയിച്ചതായും അതിനായി SDG പ്രൊപ്പോസൽ സമർപ്പിച്ചതായും അറിയിച്ചിട്ടുണ്ട്.*

*ഇത്തരം സർവ്വേകൾക്കായി സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനു പകരമായി സർവ്വെകളുടെ നടത്തിപ്പിന് മാത്രമായി പ്രോജക്ട് അടിസ്ഥാനത്തിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതായിരിക്കും അഭികാമ്യമെന്നും അതിനു വേണ്ട നടപടികൾ നടപടിക്രമം പാലിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ നടത്താവുന്നതാണെന്നും അറിയിക്കുന്നു."*

8) ധനവകുപ്പിലെ ബന്ധപ്പെട്ട വിംഗിന്റെ അഭിപ്രായം തേടേണ്ടതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ, അപ്രകാരം നടപടി സ്വീകരിച്ച് അഭിപ്രായം ലഭ്യമാക്കുന്നതിനായി ഫയൽ വീണ്ടും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനു കൈമാറിയപ്പോൾ, ആ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

*"When the matter was taken up with Finance Department, that Department has remarked as follows vide their UO(R)No.EXP-B3/443/23-FIN(EXP-B) dated 27.03.2024.*

*"കഴിഞ്ഞ കുടുംബ ബഡ്ജറ്റ് സർവ്വെ നടത്തുന്നതിനായി സൃഷ്ടിച്ചിരുന്നത് പോലെ ഇപ്പോൾ നടത്താൻ ഉദ്ദേശിക്കുന്ന കുടുംബ ബഡ്ജറ്റ് സർവ്വെയ്ക്ക് താഴെപ്പറയുന്ന തസ്തികകൾ പതിനെട്ട് മാസക്കാലയളവിലേക്ക് സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു. പ്രസ്തുത തസ്തികകളിലേക്ക് Redeployment വഴി നിയമനം നടത്തേണ്ടതാണെന്നും അറിയിക്കുന്നു.*

*Deputy Director - 1*

*Research Assistant - 1*

*LD Compiler/LD Typist – 2*

*ടി ആവശ്യത്തിനായി പ്രതിദിനം 600/- രൂപ വേതനത്തിൽ 22 ഫീൽഡ് വർക്കർമാരെ പതിനെട്ട് മാസ കാലയളവിലേക്ക് നിയമിക്കുന്നതിനും അനുമതി നൽകുന്നു. റഗുലർ ജീവനക്കാർക്കോ ഫീൽഡ് വർക്കർമാർക്കോ ശമ്പളം കൂടാതെ ഹോണറേറിയം നൽകാൻ പാടില്ലായെന്നും അറിയിക്കുന്നു.*

*ഇതിന് പ്രാപ്തനായ അധികാരിയുടെ അംഗീകാരമുണ്ട്.*

*തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണെന്നും അറിയിക്കുന്നു."*

*This Department endorses the views of Finance Department."*

9) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കുവയ്ക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

(1) 1948-ലെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ വേതനം പുതുക്കുന്നതുമായി ബന്ധപ്പെട്ട്, പുതിയ ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനായി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് സമർപ്പിച്ച ശിപാർശ അംഗീകരിച്ച്, ധനകാര്യ വകുപ്പ് അനുമതി നല്കിയിരിക്കുന്നതുപ്രകാരം, പതിനെട്ട് മാസം എന്ന കാലയളവിലേയ്ക്ക് 2023-24 അടിസ്ഥാന വർഷം കണക്കാക്കി ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനുള്ള അനുമതി നൽകാമോ,

(2) മേൽ ആവശ്യത്തിനായി ഖണ്ഡിക 3(ii)ൽ നിർദ്ദേശിച്ചിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഫാമിലി ബഡ്ജറ്റ് സർവ്വേ സംബന്ധിച്ച കാര്യങ്ങളുടെ നിയന്ത്രണത്തിനായി സംസ്ഥാനതല കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, 2024 രൂപീകരിക്കാമോ,

(3) കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തിപ്പിനായി ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം Deputy Director-1, Research Assistant-1, LD Compiler/ LD Typist-2 എന്നീ തസ്തികകൾ പതിനെട്ട് മാസക്കാലയളവിലേക്ക് സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകാമോ, Redeployment വഴി ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തേണ്ടതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകാമോ,

(4) റഗുലർ ജീവനക്കാർക്കോ ഫീൽഡ് വർക്കർമാർക്കോ ശമ്പളം കൂടാതെ ഹോണറേറിയം നൽകാൻ പാടില്ലായെന്ന വ്യവസ്ഥയിൽ കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തിപ്പിനായി പ്രതിദിനം 600/- രൂപ വേതനത്തിൽ 22 ഫീൽഡ് വർക്കർമാരെ പതിനെട്ട് മാസ കാലയളവിലേക്ക് നിയമിക്കാമോ,

(5) കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തിപ്പിനായുള്ള ചെലവ് നേരിടുന്നതിനായി '2230-01-103-32-00-34-fixation of consumer price index in Kerala' എന്ന ശീർഷകം ഉൾപ്പെടുത്തി അതിന്റെ ചെലവിലേക്കായി 1,83,90,000/- (ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരം) രൂപ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി

ലേബർ കമ്മീഷണർ ലഭ്യമാക്കിയ SDG പ്രൊപ്പോസൽ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കാമോ,

(6) മുൻ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ശിപാർശ പ്രകാരം തൊഴിൽ വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തുന്ന തുക ചെലവഴിക്കുന്നതിന് Controlling Officer (CCO) ആയി ലേബർ കമ്മീഷണറെയും, Sub Controlling Officer (SCO) ആയി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറെയും ചുമതലപ്പെടുത്താമോ?